**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5178** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ടെക്നിക്കൽ ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തികയിലേക്ക് ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിനായി ഒരു അധ്യാപകനെ അനുവദിക്കണമെന്ന വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിലെ ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തികയും, ഇൻസ്ട്രക്ടർ ഇൻ ഇംഗ്ലീഷ് തസ്തികയും രണ്ടു വ്യത്യസ്ത തസ്തികകളായതിനാൽ പുനർനാമകരണം നടത്താൻ നിലവിൽ വ്യവസ്ഥയില്ല. ടെക്നിക്കൽ ഹൈസ്കൂളുകളുടെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുന:പരിശോധന നടത്തി ആവശ്യമെങ്കിൽ ഇൻസ്ട്രക്ടർ ഇൻ ഹ്യൂമാനിറ്റീസ് ആന്റ് ലാംഗ്വേജ് തസ്തിക ഇല്ലാതാക്കി അതിനുശേഷം ഇംഗ്ലീഷ് ഇൻസ്ട്രക്ടറുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ